# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ -561 30.06.2016 ൽ മറുപടിയ്ക്ക്

## പ്രാദേശിക ജലാശയങ്ങൾ നവീകരിക്കുന്നതിന് നടപടി

**ചോദ്യം**

**ശ്രീ.എം.ഉമ്മർ:**

(എ) സംസ്ഥാനത്ത് പ്രാദേശിക ജലാശയങ്ങളുടെ സർവ്വെ സംബന്ധിച്ച നടപടികൾ ഏതുഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) കേന്ദ്ര സർക്കാർ പദ്ധതിയായ 'ആർ. ആർ. ആർ. ഓഫ് പോണ്ട്സ്' -ൽ ഉൾപ്പെടുത്തി പ്രാദേശിക ജലാശയങ്ങൾ നവീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

**മറുപടി**

**ശ്രീ.മാത്യു.ടി.തോമസ്**
**(ജലവിഭവ വകുപ്പ് മന്ത്രി)**

(എ) സംസ്ഥാനത്തെ പ്രാദേശിക ജലാശയങ്ങളുടെ (പൊതു ഉടമസ്ഥതയിലുള്ളവ) കണക്കെടുപ്പ്, ചീഫ് എഞ്ചിനീയർ, ഇൻവെസ്റ്റിഗേഷൻ ആന്റ് ഡിസൈൻസ്, വികാസ് ഭവൻ, തിരുവനന്തപുരം ആഫീസ് മുഖേന നടത്തിയിട്ടുണ്ട്. ഇതിൻ പ്രകാരം സംസ്ഥാനത്ത് 40,000 ൽ അധികം ജലസ്രോതസ്സുകൾ (കുളങ്ങൾ) ഉള്ളതായി കണക്കാക്കിയിട്ടുണ്ട്.

(ബി) തൃശ്ശൂർ ജില്ലയിലെ പൂമല ചെറുകിട ജലസേചന പ്രോജക്റ്റിന് ആർ.ആർ.ആർ പദ്ധതിയിലുൾപ്പെടുത്തി 25% കേന്ദ്ര ധനസഹായം ലഭ്യമാക്കുന്നതിനുള്ള പ്രാഥമിക അംഗീകാരം കേന്ദ്ര ജലകമ്മീഷന്റെ കോയമ്പത്തൂർ ഓഫീസിൽ നിന്നും ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പ്രാദേശിക ജലാശയങ്ങൾ നവീകരിക്കുന്നതിന് തടസ്സമായി നിൽക്കുന്നത് പദ്ധതിയുടെ ഗൈഡ് ലൈനാണ്. 2013 ൽ പ്രസിദ്ധീകരിച്ച ഗൈഡ് ലൈൻ പ്രകാരം 5 ഹെക്ടർ എങ്കിലും വലിപ്പമുള്ള ജലാശയങ്ങൾ / കുളങ്ങൾ (ഗ്രാമപ്രദേശങ്ങളിൽ) മാത്രമേ നവീകരണത്തിനായി ഏറ്റെടുക്കാൻ കഴിയൂ. ഇക്കാരണത്താലാണ് കുളങ്ങൾ വളരെയേറെയുള്ള കേരളത്തിൽ ഈ പദ്ധതിയിലുൾപ്പെടുത്തി പ്രാദേശിക ജലാശയങ്ങൾ നവീകരിക്കാൻ കഴിയാത്തത്.

| | | | |
|---|---|---|---|
| (സി) | എല്ലാ പാരമ്പര്യ ജല സ്രോതസുകളെയും നവീകരിക്കുന്നതിന് ഒരു സമഗ്ര പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ? | (സി) | വിഷയം പരിശോധിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**